"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കയർ വികസനം - കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാർക്ക് **01/01/2023** മുതൽ പ്രാബല്യത്തിൽ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചും പുതുക്കിയ ക്ഷാമബത്ത നിശ്ചയിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.**802/2026/ID** തീയതി,തിരുവനന്തപുരം, **27-07-2026**

---

പരാമർശം:- 1. സ.ഉ.(കൈ) നം. **36/2026/ID** തീയതി **15.03.2026.**

2. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ **20.04.2026** തീയതിയിലെ **KSCC/P&A/05/30A/2025-2026** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാർക്ക് പരാമർശം **(1)** പ്രകാരം **01/01/2023** മുതൽ പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിലെ അനുബന്ധത്തിലെ **E(2)** ഖണ്ഡികയിൽ, ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്ന കാര്യത്തിൽ സർക്കാർ പിന്നീട് തീരുമാനമെടുക്കുമെന്ന് വ്യക്തമാക്കിയിരുന്നു.

**2.** ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കണമെന്നും **01/01/2023** മുതൽ ജീവനക്കാർക്ക് നൽകേണ്ട കൃത്യമായ ക്ഷാമബത്ത തുക വ്യക്തമാക്കണമെന്നും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം **(2)** പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

**3.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സ്ഥാപനത്തിന് ഭീമമായ ബാധ്യത വരാത്തപക്ഷം, **39** മാസത്തെ ശമ്പള കുടിശ്ശിക, **2026** ഏപ്രിൽ മാസം മുതൽ രണ്ടു വർഷ കാലയളവിനുള്ളിൽ നാല് ഗഡുക്കളായി വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**4. 31/12/2022** ൽ നിലവിലുള്ള **35** ഡി.എ. പോയിന്റുകൾ ലയിപ്പിച്ചാണ്

പുതുക്കിയ ശമ്പള സ്കെയിലുകൾ രൂപപ്പെടുത്തിയത്. തൽഫലമായി, **01/01/2023-**ൽ ബാക്കി നിൽക്കുന്ന ഡി.എ. പോയിന്റുകൾ **47** ആണ്. ജീവനക്കാർക്കും ഓഫീസർമാർക്കും ഒരു ഡി.എ. പോയിന്റിന് **150/-** രൂപ എന്ന നിരക്കിൽ ഏകീകൃത നിരക്കിൽ കണക്കാക്കുമ്പോൾ **01/01/2023** മുതൽ ഓരോ ജീവനക്കാരനും **7,050/-** രൂപ **(150 × 47)** ക്ഷാമബത്തയായി അനുവദിച്ചും തുടർന്നുള്ള ഓരോ ഡി.എ. പോയിന്റ് വർദ്ധനയ്ക്കും **150** രൂപ വീതം അനുവദിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹേമ വി
ജോയിന്റ് സെക്രട്ടറി

കയർ വികസന ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, ആലപ്പുഴ.
ധനകാര്യ വകുപ്പ് (ധനകാര്യ വകുപ്പിന്റെ **22.06.2026-**ലെ **3363586/PU-D1/173/2025-FIN** നമ്പർ പ്രകാരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)), തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി **(E1/62/2026-IND).**

ഉത്തരവിൻ പ്രകാരം
Digitally signed by
Vidya Raj P
Date: 27-07-2026
12:44:01
സെക്ഷൻ ഓഫീസർ